## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 6758 — 04-04-2018 -ൽ മറുപടിക്ക്

## ദുരന്ത നിവാരണ സമിതിയുടെ മുന്നറിയിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | വടക്കൻ കേരളത്തിൽ താപനില 40 ഡിഗ്രിവരെ ഉയരുമെന്ന ദുരന്ത നിവാരണ സമിതിയുടെ മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പകൽ താപനിലയും രാത്രി താപനിലയും ശരാശരിക്കും മുകളിലെത്തിയ സാഹചര്യത്തിൽ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) | വേനൽക്കാലത്ത് താപനില ക്രമാതീതമായി ഉയരുന്നതിനാൽ തൊഴിലാളികൾക്ക് സൂര്യാഘാതം എൽക്കാനുള്ള സാധ്യത മുൻനിർത്തി തൊഴിൽ സമയം പുനഃക്രമീകരിച്ച് ലേബർ കമ്മീഷണർ ഉത്തരവിട്ടു. വടക്കൻ കേരളത്തിലെ ഉയർന്ന അന്തരീക്ഷ താപനില ശരാശരിയിൽ നിന്നും 4 മുതൽ 10 ഡിഗ്രി വരെ ഉയരുവാൻ സാധ്യതയുണ്ട് എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 1-3-2018 മുതൽ 3-3-2018 വരെയുള്ള പ്രവചനം സൂചിപ്പിച്ചതിനാൽ പൊതുജനങ്ങൾ രാവിലെ 11 മണി മുതൽ 3 മണി വരെയെങ്കിലും നേരിട്ട് സൂര്യപ്രകാശം എൽക്കുന്നത് ഒഴിവാക്കുക, നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക, രോഗങ്ങൾ ഉള്ളവർ രാവിലെ 11 മണി മുതൽ 3 മണി വരെ എങ്കിലും സൂര്യപ്രകാശം എൽക്കുന്നത് ഒഴിവാക്കുക, പരമാവധി ശുദ്ധജലം കുടിക്കുക, അയഞ്ഞ, ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഫേസ്ബുക്കിലും, മാധ്യമങ്ങളിലും, വാട്ട്സ് ആപ്പ് വഴിയും പൊതുജന ശ്രദ്ധയ്ക്കായി പുറപ്പെടുവിച്ചു. സൂര്യാഘാതത്തെ പ്രതിരോധിക്കാൻ തയ്യാറാക്കിയ ലഘുലേഖ പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധീകരിച്ചു.<br>പകൽ സമയത്ത് മാത്രമല്ല, രാത്രിയിലും താപനില ശരാശരിക്കും മുകളിലാണ് എന്നും പൊതുജനങ്ങൾ രാവിലെ 11 മണി മുതൽ 3 മണി |

| | | | |
|---|---|---|---|
| | | | വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം, ഈ സമയത്ത് തുറസായ ഇടങ്ങളിൽ തൊഴിലെടുക്കുന്നതും ഒഴിവാക്കണം, വിദ്യാർത്ഥികളുടെ പരീക്ഷാക്കാലമായതിനാൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്, ദുരന്തനിവാരണ അതോറിറ്റിയും ആരോഗ്യവകുപ്പും തൊഴിൽ വകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ സംസ്ഥാനം കടുത്ത വേനലിനെ അഭിമുഖീകരിക്കുന്ന പശ്ചാത്തലത്തിൽ 2-3-2018-ന് ബഹു: മുഖ്യമന്ത്രിയുടെ ഓഫീസ് പുറപ്പെടുവിച്ചു.<br>12-03-2018-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് വന്യമൃഗങ്ങൾക്കുള്ള കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനും ആവശ്യമെങ്കിൽ പോളിത്തീൻ ഉപയോഗിച്ചുള്ള കൃത്രിമ കുളങ്ങൾ സ്ഥാപിച്ച് ടാങ്കറുകൾ ഉപയോഗിച്ചുകൊണ്ട് വന്യമൃഗങ്ങൾക്ക് ഇത്തരം കുളങ്ങളിൽ ജല ലഭ്യത ഉറപ്പു വരുത്തുന്നതിനും വനം വകുപ്പിന് നിർദേശം നൽകി |

സെക്ഷൻ ഓഫീസർ